2. വലിയ തത്തിലുള്ള ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സഹകരണ മേഖല കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് 25 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

3. സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചു വരുന്നു. നിലവിലുള്ള മില്ലുകൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കാനും മേൽ പറഞ്ഞ വിഭാഗക്കാർക്കും യഥാക്രമം 15 ലക്ഷം 10 ലക്ഷം എന്നിങ്ങനെ അനുവദിച്ചുവരുന്നു.

4. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും മറ്റ് വിഭാഗക്കാർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചു വരുന്നു.

5. ചകിരി ക്ഷാമം രൂക്ഷമായിരുന്ന അവസരത്തിൽ കൂടിയ വിലക്ക് ചകിരി വാങ്ങി അംഗസംഘങ്ങൾക്ക് 10 രൂപ നിരക്കിൽ കയർഫെഡ് വിതരണം ചെയ്തിട്ടുണ്ട്.

(ബി) സാധ്യമായ ബ്ലോക്കുകളിലെല്ലാം തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) 38 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഒരു കൺസോർഷ്യത്തിന് 5 ലക്ഷം വീതം 38 കൺസോർഷ്യങ്ങൾക്കായി 180 ലക്ഷം രൂപ അനുവദിച്ചു.

(ഇ) 2010-11 വർഷം 6 കൺസോർഷ്യങ്ങൾ ആരംഭിച്ചിട്ടുണ്ട്. സാധ്യതയുള്ള ഇടങ്ങളിൽ കയർ വകുപ്പുതന്നെ മുൻകൈയെടുത്ത് കൺസോർഷ്യങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ**

45(2297) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കയർ വിപണനം ശക്തിപ്പെടുത്തുന്നതിന് ഈ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്തു തുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010-11 സാമ്പത്തിക വർഷത്തിൽ ഈ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്തുതുകയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് ;

(ഡി) ഈ കാലയളവിൽ സംസ്ഥാനത്തെ കയർ വിപണിയിൽ കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിലൂടെ എത്രകോടി രൂപയുടെ അധിക വിറ്റുവരവ് നേടാനായി ;

(ഇ) ഈ മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) കേരള സർക്കാർ കേരളത്തിലെ കയർ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും പുനരുദ്ധാരണത്തിനുമായി നിയോഗിച്ച കയർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുവാൻ തീരുമാനമായത്. കയറിന്റെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുക എന്നതാണ് കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ ഉദ്ദേശ ലക്ഷ്യം. ഇതിന്റെ രൂപീകരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയും NCRMI തയ്യാറാക്കി കയർ വികസന ഡയറക്ടറുടെ ശിപാർശയോടെ നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയുമാണ്.

(ബി) കൺസോർഷ്യത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 200 ലക്ഷം രൂപ 2009-10 വർഷവും 200 ലക്ഷം രൂപ 2010-11 വർഷവും ബഡ്ജറ്റ് വിഹിതമായി വകയിരുത്തി.

(സി) 2010-11-ൽ കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

(ഡി) ആഭ്യന്തര വിദേശ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ മേൽനോട്ടത്തിൽ Coirfed, Kerala State Coir Corporation, Foam Mattings (India) Ltd.- തുടങ്ങിയ സ്ഥാപനങ്ങൾ വിവിധ ആഭ്യന്തര വിദേശ വിപണന മേളകളിൽ പങ്കെടുത്തു. ഇതുമായി ബന്ധപ്പെട്ട വിവിധ agency-കളുമായിട്ടുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ഏകദേശം 4 കോടി രൂപയോളം വരുന്ന ആഭ്യന്തര വിദേശ ഓർഡറുകളുടെ ചർച്ചകൾ നടന്നുവരുന്നു.

(ഇ) കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരണവുമായി ബന്ധപ്പെട്ട ഡീറ്റെൽഡ് പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്. ഇതിന്റെ അംഗീകാരത്തിനു ശേഷം ഉടൻ തന്നെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly